## 9. സന്യാസിനി

ഇരുണ്ടു തുടങ്ങിയ മാനത്ത് കഴുകന്മാർ വട്ടമിട്ടു പറന്നു. അവയുടെ ചെങ്കണ്ണുകൾ ഇരതേടി മണ്ണിലൊഴുകി നടന്നു. ഉയർന്ന കരിങ്കൽ മതിലുകൾക്കുമീതെ കൂർത്ത കുപ്പിച്ചീളുകൾ മിണ്ടാമഠത്തിനുചുറ്റും കാവൽഭടന്മാരെപ്പോലെ.....

കപ്പേളയിൽ സന്ധ്യാരാധനയുടെ മണി മുഴങ്ങി. മഠത്തിന്റെ നടുമുറ്റം ശുഭ്രവസ്ത്രധാരികളായ കന്യാസ്ത്രീകളെക്കൊണ്ട് നിറഞ്ഞു. ചിറകില്ലാത്ത മാലാഖമാരെപ്പോലെ അവർ നിശ്ശബ്ദം ചാപ്പലിലേക്കു നടന്നു. പാദങ്ങൾക്കു കീഴിൽ ഞെരിയുന്ന മണൽത്തരികളുടെ ശബ്ദം മാത്രം. വരാന്തയിൽ ചെരിപ്പൂരിയിട്ട് നഗ്നപാദരായി അവർ കപ്പേളയിൽ കടന്നു.

പകൽ മുഴുവൻ കൺപോളകളാൽ സംസാരിച്ചിരുന്ന അന്തേവാസിനികൾ ഉച്ചത്തിൽ സ്വർഗ്ഗീയ ഗീതം പാടി.

പ്രാർത്ഥന കഴിഞ്ഞാൽ അത്താഴസമയമാണ്. മനസ്സിൽ വീർപ്പുമുട്ടി നിന്നിരുന്നതെല്ലാം പുറത്തേയ്ക്കൊഴുകുവാൻ മുപ്പത് മിനുട്ട്. ആശ്രമാന്തരീക്ഷം ഭൂമിയുടെ ഭാഗമാകുന്നതപ്പോഴാണ്.

“അപ്പൻ വന്നിരുന്നു. അനുജത്തിയുടെ കല്യാണമറിയിക്കാൻ.” സിസ്റ്റർ സൂസന്നയുടെ മുഖത്ത് അതു പറയുമ്പോൾ ഒരു ഭാവവും തെളിഞ്ഞില്ല.

തന്റെ അമ്മ വീണ്ടുമൊരു പെൺകുഞ്ഞിനെ പ്രസവിച്ചെന്നു പറഞ്ഞപ്പോൾ സിസ്റ്റർ മേരിയുടെ മുഖത്ത് കദനഭാവം.

അനുഭവങ്ങളും സങ്കടങ്ങളും പിന്നെ ഓർമ്മകളും മോഹങ്ങളും “കുഞ്ഞാങ്ങള വീടുവിട്ടിറങ്ങിപ്പോയി, രണ്ടാനമ്മയെ സഹിക്കാനാവാതെ......” സിസ്റ്റർ സെലീനയുടെ കണ്ണുകൾ ചിറപൊട്ടിയൊഴുകി.

കണ്ണീർതുള്ളികൾ പലരുടെയും കഞ്ഞിയിൽ ഉപ്പുചേർത്തു.

കപ്പേളയിലെ സമൂഹപ്രാർത്ഥനയും അത്താഴവും കഴിഞ്ഞ് മുറിയിൽ വന്നു. ഉറങ്ങാൻ കിടക്കുന്നതിനു മുമ്പ് കൊന്തയിലെ ക്രൂശിതരൂപത്തിൽ ഒരിക്കൽ കൂടി ചുംബിച്ചു. മനസ്സിൽ പ്രാർത്ഥിച്ചു: ദൈവമേ.... ഇന്നെങ്കിലും ആ സംഭവം ഓർമ്മയിലാവർത്തിക്കരുതേ.....

ഈ കാലമത്രയും പ്രാർത്ഥിച്ചിട്ടും ഒരിക്കൽപോലും തന്റെ കരച്ചിൽ ആരും കേൾക്കാത്തതെന്തേ? ആകാശങ്ങളിലിരിക്കുന്ന പിതാവിനോടും പുത്രനായ ക്രിസ്തുവിനോടും അവിടുത്തെ അമ്മയോടും സകല പുണ്യവാന്മാരോടും പുണ്യവതികളോടും പ്രാർത്ഥിച്ചു. ഒരു കന്യാസ്ത്രീയായ താൻ രാമനെയും കൃഷ്ണനെയും നബിയെയും വിളിച്ചപ്പോൾ ഉള്ളിൽ കുറ്റബോധം തോന്നി. ആർക്കും രക്ഷിക്കാനായില്ല.

മാസങ്ങൾ പലത് കഴിഞ്ഞിട്ടും തനിക്കത് മറക്കാൻ കഴിയുന്നില്ല. അല്ലെങ്കിൽ എങ്ങനെ കഴിയും! പതിനെട്ടുവർഷത്തെ ജീവിതയാത്രയിലെ പ്രധാനവഴിത്തിരിവ്. ഇതനുഭവിച്ചുതന്നെ തീർക്കണം–മരണം വരെ.

കണ്ണടച്ചാൽ അയാളുടെ സ്വർണ്ണംകെട്ടിയ പല്ലുകൾ ചെകുത്താന്റെ കണ്ണുകൾ പോലെ തിളങ്ങും. പിന്നെ അയാളുടെ ഭീമാകാരമായ ശരീരത്തിന്റെ ഭാരം തന്നെ ശ്വാസംമുട്ടിക്കുന്നതായി തോന്നും. പതിയെപ്പതിയെ അയാളുടെ ഗന്ധം മുറിയാകെ പതഞ്ഞൊഴുകും. വിയർപ്പിൽ കുളിച്ച് അലറിയെഴുന്നേറ്റ് ലൈറ്റിടും. കതകും ജനലും അടച്ചിട്ടുണ്ടോയെന്ന് ഒരിക്കൽകൂടി ഉറപ്പ് വരുത്തും.

തകർന്ന മനസ്സുമായി ഇരുട്ടിൽ കണ്ണുതുറന്നുകിടക്കുമ്പോൾ പിന്നെയും ഓർമ്മകൾ.....

പത്രക്കാരൻ ചെല്ലപ്പൻചേട്ടനോട് അൽപനേരത്തേക്ക് കടംവാങ്ങിയ അന്നത്തെ പത്രത്തിൽ തന്റെ എസ്.എസ്.എൽ.സി. പരീക്ഷാഫലവും ഉണ്ടായിരുന്നു. ജയിക്കുമെന്ന് തോന്നിയിരുന്നെങ്കിലും ക്ലാസ് കിട്ടുമെന്ന് കരുതിയില്ല.

ഒരോട്ടമായിരുന്നു; കമുകിൻകൂട്ടവും കാട്ടരുവിയും പിന്നിട്ട് കാപ്പിച്ചെടികൾക്കിടയിലൂടെ. ആദ്യം കണ്ടത് വല്യമ്മച്ചിയെയാണ്. ചാണകം മെഴുകിയ നിലത്തിരുന്ന് മുറത്തിൽ പച്ചക്കപ്പയുടെ തൊലി വാരിയിടുന്നു. വല്യമ്മച്ചിയെ കെട്ടിപ്പിടിച്ച് ഇരുകവിളിലും മാറിമാറി ഉമ്മവെച്ചു. “പെണ്ണിനെന്താടീ ഇന്നൊരു ഇളക്കം!” വല്യമ്മച്ചി പല്ലില്ലാത്ത മോണകാട്ടിച്ചിരിച്ചു. ഞാന്നുതോളോളമെത്തിയ കാതിലെ വെള്ളിക്കുണുക്കുകൾ തുള്ളിയാടി.

“വല്യമ്മച്ചീ.... ഞാൻ ഫസ്റ്റ്ക്ലാസിൽ ജയിച്ചിരിക്കുന്നു.”

ശബ്ദം കേട്ടാവണം കണ്ടത്തിൽ കിളച്ചുകൊണ്ടിരുന്ന ചാച്ചൻ മൺവെട്ടി അവിടെതന്നെയിട്ടിട്ട് കയറി വന്നു. പിന്നെ കപ്പക്കാലായിലൂടെ കോഴിയുടെ പിന്നാലെ ഓടുന്നതും കണ്ടു.

“ഇതിയാനെന്തിന്റെ സൂക്കേടാ... മുട്ടയിടുന്ന കോഴിയെ ഇട്ടോടിക്കുന്നത്?”

അമ്മ ആരോടെന്നില്ലാതെ പറഞ്ഞു. നിമിഷങ്ങൾക്കകം കോഴിയുമായെത്തിയ ചാച്ചനോടെന്നോണം അമ്മ തുടർന്നു: "ജയിച്ചില്ലായിരുന്നെങ്കിൽ വല്ല കൂലിപ്പണിക്കും വിടായിരുന്നു. ഇനിയിപ്പോഴെന്തുചെയ്യും?"

"ദേ.... ഒരൊറ്റ വീക്കങ്ങുവെച്ചുതന്നാലുണ്ടല്ലോ.... നീ ഇതിനെ ശരിയാക്ക്. ഞാൻ കവല വരെ പോയിവരാം." ചാച്ചൻ നടക്കുകയായിരുന്നില്ല.

"നീ പീടികേലോട്ടാണെങ്കിൽ എന്റെ പുകയിലയുടെ കാര്യം മറക്കരുത്." വല്യമ്മച്ചി പിന്നിൽ നിന്നു വിളിച്ചുപറഞ്ഞു.

അന്നു ചാച്ചന്റെ നിർബന്ധത്തിനു വഴങ്ങി ഒരു കവിൾ ചാരായം കുടിച്ചതും ഊണു കഴിച്ചുകൊണ്ടിരുന്ന മേശപ്പുറത്ത് തുപ്പി നിറച്ചതും ഇന്നലെയെന്നപോലെ ഓർക്കുന്നു.

നാഗ്പൂരിൽ നേഴ്സിംഗിനു പ്രവേശനം ലഭിച്ചതു മുതൽ ചാച്ചനോട്ടമായിരുന്നു. യാത്രക്കൂലിയടക്കം മുന്നൂറോളം രൂപ പെട്ടെന്നുണ്ടാക്കുക വളരെയേറെ വിഷമമായിരുന്നു.

"നീ പോയി കൈതപ്പറമ്പിൽ കുഞ്ഞാക്കോച്ചനെ ഒന്നു കണ്ടുനോക്ക്. ഇങ്ങനെ ഒരാവശ്യത്തിനാണെന്ന് പറഞ്ഞാൽ അയാൾ തരാതിരിക്കില്ല. പാലു കൊടുത്തു കടംവീട്ടിയാൽ മതിയല്ലോ." വല്യമ്മച്ചിയുടെ നിർദ്ദേശം ചാച്ചനു സ്വീകാര്യമായിത്തോന്നി.

പണവുമായി മടങ്ങിവന്ന ചാച്ചന്റെ കയ്യിൽ വല്യമ്മച്ചിയ്ക്കുള്ള കാലിപ്പുകയിലയും ഉണ്ടായിരുന്നു. പൊതിയഴിച്ച് ഒരു നുറുക്ക് വായിലിടുന്നതിനിടയിൽ വല്യമ്മച്ചി പറഞ്ഞു. "ഞാൻ പറഞ്ഞില്ലേ, കുഞ്ഞാക്കോച്ചൻ നല്ലവനാണ്."

"എറണാകുളത്തുള്ള കുഞ്ഞാക്കോച്ചന്റെ അളിയനെ ഫോണിൽ വിളിച്ച് നാഗ്പൂരേക്കുള്ള റിസർവ്വേഷനും ശരിയാക്കിത്തരുമെന്ന് ഞാൻ കരുതിയില്ല." കൈലിമുണ്ട് മാറ്റി വെള്ളമുണ്ട് ഉടുക്കുന്നതിനിടയിൽ ചാച്ചൻ പറഞ്ഞു.

ചാച്ചനോടൊത്ത് പെട്ടിയും സാമാനങ്ങളും വാങ്ങാൻ പട്ടണത്തിലേക്ക് പോയപ്പോൾ അമ്മ പിന്നിൽനിന്നു വിളിച്ചുപറഞ്ഞു. "ദേ... നിങ്ങളു പോണവഴി വീട്ടിൽ കയറി ആങ്ങളമാരോടൊന്നു പറഞ്ഞേച്ചു പോയാൽ അവരും എന്തെങ്കിലും തരാതിരിക്കില്ല, ചെരിപ്പിനുള്ള വകയെങ്കിലും."

നാഗ്പൂരേയ്ക്ക് യാത്രതിരിച്ച ദിവസം റെയിൽവേ സ്റ്റേഷനിൽവെച്ച് ചാച്ചൻ കരയുന്നത് ആദ്യമായികണ്ടു. പിന്നീട് അതൊരു കൂട്ടക്കരച്ചിലായി മാറി. അമ്മയും അനുജനും അവസാനം വല്യമ്മച്ചിയും. ജൗളിക്കടയിൽ നിന്നും സമ്മാനം കിട്ടിയ കൊച്ചുതൂവാല കണ്ണീരിൽ കുതിർന്നപ്പോൾ കുഞ്ഞാക്കോച്ചൻ തന്നെ ലേഡീസ് കമ്പാർട്ട്മെന്റിലേക്കു വിളിച്ചുകൊണ്ടുപോയി. പോകുന്നതിനിടയിൽ പറഞ്ഞു. "അവളെന്താ അന്യനാട്ടിലേക്കോ മറ്റോ ആണോ പോകുന്നത്? നിങ്ങളൊന്ന് സമാധാനിക്ക്. മോളേ... ജോയിച്ചനും പെമ്പിളയും എറണാകുളം സ്റ്റേഷനിൽ കാണും. നീ ഒന്നുകൊണ്ടും വിഷമിക്കേണ്ട."

തീവണ്ടി നീങ്ങിക്കഴിഞ്ഞു. നിറകണ്ണുകളോടെ പ്ലാറ്റ്ഫോമിൽ നിന്നിരുന്ന ചാച്ചന്റെ രൂപം വഴിയോരക്കാഴ്ചകളോടൊപ്പം മനസ്സിൽ ഇടകലർന്നോടിക്കൊണ്ടിരുന്നു.

സ്റ്റേഷനിൽ കാത്തുനിന്നിരുന്ന പട്ടണത്തിലെ വലിയ വസ്ത്രവ്യാപാരിയായിരുന്ന ജോയിച്ചനെ ഒറ്റനോട്ടത്തിൽ തിരിച്ചറിഞ്ഞില്ല. മുമ്പ് കുഞ്ഞാക്കോച്ചന്റെ വീട്ടിൽവെച്ച് കണ്ടിരുന്നതിലേറെ തടിച്ചുകൊഴുത്തിരിക്കുന്നു. കറുത്തമുഖത്തെ വെളുത്ത പല്ലുകൾ കാട്ടി അയാൾ ചിരിച്ചു. മുൻനിരയിലെ സ്വർണ്ണം കെട്ടിയ രണ്ടെണ്ണം വെയിൽ തട്ടി തിളങ്ങി.

സ്ലീപ്പർ കോച്ചിലേക്ക് കയറാൻ സഹായിക്കുന്നതിനിടയിൽ ജോയിച്ചൻ മുതലാളി പറഞ്ഞു.

"ഞാനും മദ്രാസ് വരെയുണ്ട്. കറുച്ചു ചരക്കെടുക്കണം. എ.സി. കാറിലാണ്. ഇടയ്ക്ക് കാണാം."

രാത്രി ഏതോ സ്റ്റേഷനിൽ തനിക്ക് ഭക്ഷണവുമായെത്തിയ അദ്ദേഹത്തോട് അതിയായ ആദരവു തോന്നി. 'ജോയിച്ചൻ മുതലാളി കുഞ്ഞാക്കോച്ചനെക്കാൾ നല്ലവൻ.'–മനസ്സിലോർത്തു.

മദ്രാസിൽ അദ്ദേഹത്തെ കാത്തുകിടന്നിരുന്ന കാറിലേയ്ക്ക് പെട്ടി എടുത്തുവെയ്ക്കുന്നതിനിടയിൽ ജോയിച്ചൻമുതലാളി പറഞ്ഞു. നാഗ്പൂർക്കുള്ള ട്രെയിൻ വൈകുന്നേരം ഏഴിനാണ്. ധാരാളം സമയമുണ്ട്. "ഇവിടെ അടുത്തുള്ള എന്റെ കസിന്റെ വീട്ടിൽ അൽപം വിശ്രമിച്ചിട്ടു പോകാം." കറുത്ത മുഖത്തെ വെളുത്ത പല്ലുകൾ കാട്ടി അയാൾ ചിരിച്ചു.

മാൻപേടയുടെ കഴുത്തിലെ രക്തക്കുഴലുകൾ കടിച്ചുകീറുന്ന കരിമ്പുലിയുടെ പല്ലുകളാണവയെന്ന് അപ്പോൾ തോന്നിയില്ല. അന്ന് അയാളെ അവിശ്വസിക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് പിന്നീട് പലപ്പോഴും ഓർത്തുപോയിട്ടുണ്ട്.

ഊർജ്ജം ചോർന്ന കളിപ്പാവയെപ്പോലെ ചലനശേഷി നശിക്കാറായ ശരീരവും ഉടഞ്ഞുതകർന്ന മനസ്സുമായി നാഗ്പൂരേക്കുള്ള വിമാനത്തിൽ താൻ മുഖം കുനിച്ചിരുന്നു. "വിമാനത്താവളത്തിൽനിന്ന് ടാക്സി പിടിച്ച് നേരെ ഹോസ്റ്റലിലേക്കു ചെല്ലുക. ഇന്നലെ വൈകിട്ടുപോയ ട്രെയിൻ നാഗ്പൂരെത്തു

മ്പോൾ വിമാനവും അവിടെത്തും. ആർക്കും ഒരു സംശയവുമുണ്ടാകില്ല." ബുദ്ധിപൂർവ്വം എല്ലാം കൃത്യമായി അയാൾ കണക്കുകൂട്ടിയിരുന്നു.

നാഗ്പൂരെത്തിയ തനിക്ക് അടുത്ത ട്രെയിനിൽ നാട്ടിലേക്ക് മടങ്ങാനേ കഴിഞ്ഞുള്ളൂ. നെഴ്സിങ്ങിന് പഠിക്കുന്നതിൽ താൽപര്യമില്ലെന്നും ദൈവവിളികിട്ടിയെന്നും ഉടൻതന്നെ ഒരു കന്യാസ്ത്രീയാകണമെന്നും നിർബന്ധിച്ചപ്പോൾ മനസ്സിൽ ഒരു സംശയം ബാക്കിനിന്നു. കന്യകയല്ലാത്ത തനിക്കു കന്യാസ്ത്രീയാകാൻ കഴിയുമോ?

ചാച്ചൻ വീട്ടിലുള്ളവരോട് അകാരണമായി വഴക്കുപറയുക പതിവായി. ഒരിക്കൽ ഏതോ നിസ്സാര കാര്യത്തിന് അനുജനെ പൊതിരെ തല്ലി. തടഞ്ഞ വല്യമ്മച്ചിയുടെ നേരെ തട്ടിക്കയറി. എന്നാൽ തന്നോടുമാത്രം ഒരിക്കലും ദേഷ്യപ്പെടാതിരുന്നത് എന്തുകൊണ്ടാണെന്ന് ഇന്നും വ്യക്തമല്ല.

"എന്റെ മോൾക്കെന്തുപറ്റി?"

മുടിയിഴയകളിൽ വിരലോടിച്ച് ചാച്ചൻ ചോദിക്കുമ്പോൾ നിറയുന്ന കണ്ണുകൾ. ചാച്ചന് തന്നോടുണ്ടായിരുന്ന സ്നേഹമായിരുന്നു എന്നും തന്നെ ആത്മഹത്യയിൽ നിന്നും പിന്തിരിപ്പിച്ചിരുന്നത്.

പടിപ്പുരയുടെ വാതിൽ തുറക്കുന്ന ശബ്ദം. ഞെട്ടിയെഴുന്നേറ്റു. മഠത്തിന്റെ നടുമുറ്റത്തുകൂടി ആരോ നടന്നുനീങ്ങുന്നതുപോലെയൊരു തോന്നൽ. മണൽത്തരികൾ ഞെരിഞ്ഞമരുന്ന ശബ്ദം കാതുകളിൽ ഇടിമുഴക്കംപോലെതോന്നി. ജനൽപ്പാളികൾ മെല്ലെ തുറന്നു. ഇരുട്ടിൽ അവ്യക്തമായിക്കാണാം. കറുത്ത രൂപങ്ങൾ രണ്ടെണ്ണം.

എവിടെനിന്ന് ധൈര്യം കിട്ടിയെന്ന് ഓർമ്മയില്ല. അടിപ്പാവാട മടക്കിക്കുത്തി കതകു തുറന്നു. ടോർച്ചുമായി പിന്നാലെ ഓടി. "നിൽക്കവിടെ. ആരാണത്?" കറുത്ത രൂപങ്ങൾക്കുനേരെ ടോർച്ചുമിന്നിച്ചു. ഞെട്ടിപ്പോയി. വിശ്വസിക്കാൻ കഴിഞ്ഞില്ല. കണ്ടിട്ടുള്ള മുഖങ്ങൾ. കറുത്തളോഹയിട്ട അദ്ദേഹത്തെ സാധാരണ കാണാറുള്ളപ്പോൾ ഒരു വെളുത്ത കോളർ കൂടി ഉണ്ടായിരുന്നതായി ഓർത്തു. പിന്നീട് ശബ്ദിക്കാൻ കഴിഞ്ഞില്ല. നാവിറങ്ങിപ്പോയതുപോലെ പെട്ടെന്നോർമവന്നു. താൻ ശബ്ദിച്ചു. മിണ്ടാമഠത്തിലെ നിയമം ലംഘിച്ചിരിക്കുന്നു. മദർ സുപ്പീരിയർ അതു കേട്ടു.

ആകാശത്തു വെള്ള കീറി. അസമയത്ത് കൂട്ടമണിയടി കേട്ട് വിശ്വാസികൾ ഓടിയെത്തി. മിണ്ടാമഠത്തിനുള്ളിലെ വലിയ കിണറ്റിലൊരു കൊച്ചുകന്യാസ്ത്രീയുടെ ജഡം.

മരക്കൊമ്പുകളിൽ വിശ്രമിച്ചിരുന്ന കഴുകന്മാരുടെ കണ്ണുകൾ മണ്ണിലൂടൊഴുകി നടന്നു. ഉയർന്ന കരിങ്കൽമതിലുകൾക്കു മുകളിലെ കൂർത്ത കുപ്പിച്ചീളുകൾ മിണ്ടാമഠത്തിനുചുറ്റും കാവൽ നിന്നു.

●